## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2885 20.12.2012-ൽ മറുപടിയ്ക്ക്

### വനിതാ ഫുട്ബാൾ മൽസര ഇനമായി ഉൾപ്പെടുത്താനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) സ്ക്കൂൾ കായിക മേളയിൽ വനിതാ ഫുട്ബോൾ മൽസര ഇനമായി ഉൾപ്പെടുത്താതിരിക്കുന്നതിനുള്ള കാരണം എന്താണ് ; | (എ) കേരള സ്ക്കൂൾ സ്പോർട്സ് മാന്വൽ പ്രകാരം അംഗീകരിച്ച ഗെയിംസുകൾ മാത്രമേ പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്നുള്ളൂ. വനിതാ ഫുട്ബോൾ ഒരിനമായി മാന്വലിൽ ഉൾപ്പെടാത്തതിനാലാണ് സ്ക്കൂൾ കായികമേളയിൽ വനിതാ ഫുട്ബോൾ മൽസരം നടത്താത്തത്. |
| (ബി) വരും വർഷങ്ങളിൽ വനിതാ ഫുട്ബോൾ സ്ക്കൂൾ കായിക മേളയിൽ മൽസര ഇനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) കേരള സ്ക്കൂൾ സ്പോർട്സ് മാന്വൽ പ്രകാരം പുതിയ ഒരിനമായി ഗെയിംസുകൾ ഉൾപ്പെടുത്തുന്നതിന് ആദ്യത്തെ മൂന്ന് വർഷം ദേശീയ മൽസരങ്ങളിൽ പങ്കെടുക്കുന്നതിനു വേണ്ടി വരുന്ന ചെലവുകൾ ബന്ധപ്പെട്ട അസോസിയേഷൻ തന്നെ വഹിക്കുകയും, അതിനു പുറമേ കേരള സ്ക്കൂൾ ഗെയിംസ് അസോസിയേഷൻ ജനറൽ ബോഡിയുടെ അംഗീകാരം ലഭിയ്ക്കുകയും ചെയ്യണം. |

(............2)

ഈ മാനദണ്ഡം പാലിച്ചാൽ മാത്രമേ
നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം
വനിതാ ഫുട്ബോൾ  പുതിയ ഗെയിം
ഇനമായി ഉൾക്കൊള്ളിക്കുവാൻ
കഴിയുകയുള്ളൂ

സെക്ഷൻ ഓഫീസർ